(സി)		ഒ.എച്ച്.	വെതർ പ്രൂഫ്
	പാനൂർ	17-1-2001	5-1-2005
	ചൊക്ലി	31-12-2000	31-12-2004
	പാട്യം	28-12-2001	29-12-2004
	പാനാട്	30-12-2000	31-12-2004

(ഡി) വെതർ പ്രൂഫ് കണക്ഷൻ 30-4-2005 വരെയുള്ളത് 15-9-2005-നു മുമ്പും ബാക്കിയുള്ളത് സാധനസാമഗ്രികളുടെ ലഭ്യതയനുസരിച്ച് 2006 മാർച്ചോടെയും നൽകുന്നതാണ്.

കൊടുവള്ളി നിയോജകമണ്ഡലത്തിൽ നൽകിയ വൈദ്യുതി കണക്ഷനുകൾ

41 [2791] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊടുവള്ളി നിയോജക മണ്ഡലത്തിൽ എത്ര ഗാർഹിക വൈദ്യുതി കണക്ഷൻ നൽകി;

(ബി) കുടിവെള്ള പദ്ധതികൾക്കായി എത്ര വൈദ്യുതി കണക്ഷനുകൾ നൽകി;

(സി) കാർഷികാവശ്യത്തിനായി എത്ര വൈദ്യുതി കണക്ഷനുകൾ നൽകി; വിശദമാക്കുമോ;

(ഡി) മേൽ ഇനങ്ങളിൽ ഇപ്പോൾ എത്ര അപേക്ഷകർക്ക് ഇനിയും കണക്ഷൻ നൽകാൻ ബാക്കിയുണ്ട്; അവർക്ക് എപ്പോൾ കണക്ഷൻ നൽകാൻ കഴിയും; വ്യക്തമാക്കുമോ?

ഉത്തരം

(എ) 8010.

(ബി) 95.

(സി) 76.

(ഡി) ഗാർഹികം . . 2049
കൃഷി . . 4
കുടിവെള്ള പദ്ധതി . . 8

സാധനസാമഗ്രികളുടെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ കണക്ഷൻ നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly